# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.7/1671/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
കോഴിക്കോട് ജില്ല.
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ - 0495 2371012

തീയ്യതി:16.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.7/1671/2018 തീയതി :16.10.2018

# കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 07.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് 14 അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് സമാപന വേളയിൽ എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിന് 11 മറുപടികൾ ലഭ്യമാക്കി. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.ഉണ്ണികൃഷ്ണൻ.പി ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ, വിനിയോഗിച്ച സമയം | |
| 09.07.2018 മുതൽ 19.07.2018 വരെ | |
| ശ്രീ.സതീഷ് കുമാർ.കെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷിപിൻ പീറ്റർ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർമാർ |
| ശ്രീമതി.രാജിമ.എ.സി. | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തിരുവള്ളൂർ മുരളി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.പി.ശശീന്ദ്രൻ | 01.04.2017 മുതൽ 07.07.2017 വരെ |
| | ശ്രീ.അഷറഫ്.കെ. (i/c) | 07.07.2017 മുതൽ 19.10.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി.തങ്കം വർഗ്ഗീസ് (i/c) | 19.10.2017 മുതൽ 21.11.2017 വരെ |
| | ശ്രീ.പി.ശശീന്ദ്രൻ (i/c) | 22.11.2017 മുതൽ 03.01.2018 വരെ |
| | ശ്രീ.വിമൽ ചന്ദ്രൻ.ആർ. (i/c) | 04.01.2018 മുതൽ 12.01.2018 വരെ |
| | ശ്രീ.സലിമോൻ.പി.ആർ. (i/c) | 12.01.2018 (AN) മുതൽ 16.02.2018 വരെ (FN) |
| | ശ്രീ.വിമൽ ചന്ദ്രൻ.ആർ. | 17.02.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീ.വിനയചന്ദ്രൻ.പി.<br>ശ്രീമതി.ജയശ്രീ.ബി.കെ. (i/c)<br>ശ്രീമതി.രേണു.പി. (i/c)<br>ശ്രീമതി.ഷീന.ടി.സി. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01.04.2017 മുതൽ 27.09.2017വരെ<br>28.09.2017 മുതൽ 09.10.2017വരെ<br>10.10.2017മുതൽ 02.02.2018വരെ<br>03.02.2018മുതൽ 31.03.2018വരെ |
| ഡോ.പി.കെ.ഉസ്മാൻ | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീ.അനൂപ് ഷിനു.കെ | വ്യവയായ വികസന ഓഫീസർ | 01.04.2017 മുതൽ 31.03.2018 വരെ |
| ശ്രീമതി.തസ്ലീന.എൻ.പി. | സി.ഡി.പി.ഒ | 01.04.2017 മുതൽ 31.03.2018വരെ |
| ശ്രീ.ഉദയൻ.കെ.യു.<br>ശ്രീ.ചന്ദ്രശേഖരൻ.ടി.വി. | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ | 01.04.2017 മുതൽ 21.11.2017വരെ<br>22.11.2017മുതൽ 31.03.2018വരെ |
| ശ്രീമതി.പ്രവീണ.ജി.<br>ശ്രീ.ഉണ്ണികൃഷ്ണൻ.എം.<br>ശ്രീമതി.ഹസ്ന.സി.എച്ച്.<br>ശ്രീമതി.സ്മിത.എം.കെ | ക്ഷീര വികസന ഓഫീസർ | 01.04.2017മുതൽ 30.05.2017വരെ<br>31.05.2017മുതൽ 01.11.2017വരെ<br>02.11.2017മുതൽ 03.11.2017വരെ<br>04.11.2017മുതൽ 31.03.2017വരെ |
| ശ്രീ.എ.നസ്റുദ്ദീൻ.<br>ശ്രീ.അബ്ദുൾ അസീസ് | പട്ടിക ജാതി വികസന ഓഫീസർ | 01.04.2017 മുതൽ 18.02.2018വരെ<br>19.02.2018 മുതൽ 31.03.2018വരെ |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ. |
| 2-2 | കൈമാറികിട്ടിയ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ക്വാർട്ടേഴ്സ് വാടകപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല |

| | |
|---|---|
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ബജറ്റ് ചെലവിനം - അവലോകനം. |
| 3-2 | പദ്ധതി ആസൂത്രണത്തിലെ അപാകത |
| 3-3 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - നടപടി അവലോകനം. |
| ഭാഗം – 4 പൊതു വിവരങ്ങളും ഒഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2017 തീയ്യതിയിലെ 160/2016-17 തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതി അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 23.03.2018 തീയ്യതിയിലെ 01/17-18 തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.03.2018 | 19.06.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട്ട കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം. ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,16,02,051 |
| വരവ് | 5,16,50,660 |
| ആകെ | 6,32,52,711 |
| ചെലവ് | 4,45,97,387 |
| നീക്കിയിരിപ്പ് | 1,86,55,324 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0.00 | 2,27,81,557 | 2,27,81,557 | 1,89,81,158 | 38,00,399 | 83.31 |
| വികസന ഫണ്ട് (എസ്.സി.പി) | 0.00 | 37,75,000 | 37,75,000 | 33,15,199 | 4,59,801 | 87.81 |
| **വികസന ഫണ്ട് (ടി.എസ്.പി) | 0.00 | 11,000 | 11,000 | 11,000 | 0.00 | ------ |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0.00 | 29,03,000 | 29,03,000 | 24,64,993 | 4,38,007 | 84.91 |

** വികസന ഫണ്ട് (ടി.എസ്.പി.) മുഖേന ലഭിച്ച തുക ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിക്കാതെ ട്രഷറിൽ തിരികെ അടവാക്കിയതാണ്.

1.5 (എ) തനത് ഫണ്ട്)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | ബാലൻസ് | ചെലവ് % |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 3508396 | 3582000 | 7090396 | 6169850 | 920576 | 87.01 |
| കേന്ദ്ര ഫണ്ട് (ഐ.സി.ഡി.എസ്) | 474323 | ---- | 474323 | ----- | 474323 | --- |
| കേന്ദ്ര ഫണ്ട് (പൈക്ക) | 370000 | ---- | 370000 | ---- | 370000 | --- |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 6464 | 434799 | 441263 | 423321.5 | 17941.5 | 95.93 |
| ടി.എസ്.സി. (ശുചിത്വ മിഷൻ) | 527066 | 62174 | 589240 | 11736 | 577504 | 1.99 |
| സാക്ഷരത | 2683 | 109 | 2792 | 236 | 2556 | 8.45 |
| ഐ.എ.വൈ. (പദ്ധതിക്കായി ലഭിച്ച തുക) | | | | | | |
| ഗ്രാമപഞ്ചായത്ത് വിഹിതം (ജനറൽ) (എസ്.സി.പി) | 1356600<br>1346041 | 560000<br>1345000 | 1916600<br>2691041 | 993625<br>683175 | 922975<br>2007866 | 51.84<br>25.38 |
| ജില്ല പഞ്ചായത്ത് വിഹിതം (ജനറൽ) (എസ്.സി.പി) | 1076195<br>1773732 | 8235000<br>4945123 | 9311195<br>6718855 | 2723380<br>1223100 | 6587815<br>5495755 | 29.24<br>18.20 |
| സംസ്ഥാന സർക്കാർ അധിക വിഹിതം (ജനറൽ) (എസ്.സി.പി) | 0.00<br>0.00 | 3971500<br>1020500 | 3971500<br>1020500 | 3971500<br>1020500 | 0.00<br>0.00 | 100<br>100 |

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | ബാലൻസ് | ചെലവ് % |
|---|---|---|---|---|---|---|
| | | | | | | |
| എസ്.സി ഡിപ്പാർട്ട്മെന്റ് വിഹിതം | 0.00 | 1035696 | 1035696 | 188346 | 847350 | 18.18 |
| മറ്റുള്ളവ (പലിശ ഉൾപ്പടെ) | 333807 | 236862 | 570669 | 251548 | 319121 | 44.07 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 75 | 47 | 12 | 16 | 62.66 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 2 | 2 | 2263000 | 2262725 | 99.98 |
| മെഡിക്കൽ ഓഫീസർ | 5 | 5 | 655000 | 641028 | 97.89 |
| പട്ടിക ജാതി വികസന ഓഫീർ | 3 | 2 | 988000 | 585519 | 59.26 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 1 | 1 | 350000 | 243500 | 69.57 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1400000 | 1400000 | 100 |

| | | | | | |
|---|---|---|---|---|---|
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 900000 | 345125 | 38.34 |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 42 | 28 | 26524855 | 10612975 | 40.01 |
| സെക്രട്ടറി | 19 | 18 | 11457765 | 8681478 | 75.76 |
| ആകെ | 75 | 59 | 44538620 | 24772350 | 55.61 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6464 | 434799 | 441263 | 423321.5 | 17941.5 |

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധന വേളയിൽ ക്യാഷ് ബാലൻസില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി ജീവനക്കാർക്ക് ഓഫീസ് ഉത്തരവ് മുഖേന ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭ്യക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്/വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2018 | 2017-18 | റിപ്പോർട്ട ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.2016 മുതൽ 14.07.2016 വരെ | 01.05.2010 മുതൽ 30.06.2016 വരെ | QA(HQ)111/11/12-195/16-17/296, 10.08.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധന നടത്തി പ്രത്യേക റിപ്പോർട്ടും സാക്ഷ്യപത്രവും ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (31.08.18 ലെ E2/1111(80).
മേൽ റിപ്പോർട്ടിലെ പരാമർശങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. അപാകതകൾ താഴെ പറയുന്നു.

1. ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കിയിട്ടില്ല.
2. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
3. ഐ.എ.വൈ പദ്ധതിക്കായി സംസ്ഥാന സർക്കാരിൽ നിന്നും അധിക വിഹിതം ലഭിച്ച 39,71,500/- രൂപ, പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച 10,35,696/- രൂപ എന്നിവയുടെ വരവ് വാർഷിക പത്രികയിൽ ഉൾപ്പെടുത്തിയട്ടില്ല.
4. എം.പി.യുടെ വികസന ഫണ്ടിൽ നിന്നും ലഭിച്ച 6,41,870/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. പ്രത്യേക പരിപാടികൾക്കായി ലഭിച്ച തുക ( ഹരിതകേരളം, ബയോ ആർമി, ലൈഫ് മിഷൻ പരിശീലനം) R.P. 31 പ്രകാരമുള്ള ഹെഡിൽ ഉൾപ്പെടുത്താതെ മിസലേനിയസ് ഹെഡിലാണ് ഉൾപ്പെടുത്തിയത്.
6. അസി.എക്സി.എഞ്ചിനീയർ മുഖാന്തിരം നടത്തിയ ലേലമിനത്തിലെ തുക R.P.5 പ്രകാരമുള്ള ഹെഡ്ഡിൽ ചേർക്കാതെ മിസലേനിയസ് ഹെഡിലാണ് ഉൾപ്പെടുത്തിയത്.
7. പിഴ, ഫൈൻ എന്നീയിനത്തിൽ വന്ന തുക മിസലേനിയസ് ഹെഡിലാണ് ഉൾപ്പെടുത്തിയത്.
8. പഞ്ചായത്തിൽ സ്വീകരിക്കുന്ന ഡപ്പോസിറ്റുകൾ (ഇ.എം.ഡി, സെക്യൂരിറ്റി ഡപ്പോസിറ്റ്) അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

മേൽ വിശദീകരിച്ച കാരണങ്ങളാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രിക ശരിയായ രീതിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കൈമാറികിട്ടിയ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ക്വാർട്ടേഴ്സ് വാടക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. 23.12.1995 ലെ (പി) നം.566/95/ആ.കു.വ, 07.07.1997ലെ (പി)272/99/ആ.കു.വ, 24.1.2011 ലെ 43/11/എച്ച്.&.എഫ്.ഡബ്ല്യൂ.ഡി. എന്നീ നമ്പർ ഉത്തരവുകളിലൂടെ ആരോഗ്യ വകുപ്പിൽ നിന്നും ത്രിതലപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

27.02.2003 ലെ (ആർ.റ്റി) നം.677/03/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആസ്തികളിൽ നിന്നുള്ള വരുമാനം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ തനതു

വരുമാനമായി പരിഗണിക്കണമെന്നും ആയവ അതാത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് വരുമാനമായി വിനിയോഗിക്കാമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ക്വാർട്ടേഴ്സുകളുടെ വാടകയിനത്തിലെ തുക വരവ് വന്നിട്ടില്ല. മേൽ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബജറ്റ് തയ്യാറാക്കുന്നതിലെയും ചെലവിനങ്ങളിലെയും അപാകതകൾ

എ.) ബജറ്റ് അവതരണം, അംഗീകാരം.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വകുപ്പ് 175 ലെ നിബന്ധനകൾക്കനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ വിശദമായ ബജറ്റ് തയ്യാറാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് മേൽ നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെയാണ് പഞ്ചായത്തിൽ അംഗീകരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമയംക്രമം പാലിച്ചില്ല.

വകുപ്പ് 214 (1) പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറി, അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ തയ്യാറാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ജനുവരി.15 നകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണം. 23.02.2017തീയ്യതിയിലെ നമ്പർ.17 തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിച്ചത്.

വകുപ്പ് 214 (1എ) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിന് മുമ്പായി പഞ്ചായത്ത് മുമ്പാകെ അതിന്റെ പ്രത്യേക യോഗത്തിൽ ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കണം. എന്നാൽ 24.03.2017 ലെ ഭരണസമിതി യോഗത്തിലാണ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങിയത്. (തീരുമാന നമ്പർ.160/16-17).

റിവൈസ്ഡ് ബഡ്ജറ്റ്

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തിൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. എന്നാൽ 28.03.2018 ഭരണസമിതി യോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പുതുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാര്യകാരണങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ പാലിച്ച് നിയമാനുസൃതമായ നടപടികളിലൂടെ ഭരണസമിതി മുൻപാകെ അവതരിപ്പിച്ച് അംഗീകരിക്കേണ്ടതാണ്.

ബി.) വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകിയ ഗ്രാന്റിൽ നിന്നും 46,98,207/- രൂപ നഷ്ടമായി.

ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഭാവനം ചെയ്ത് പദ്ധതികൾക്കായി സർക്കാരിൽ നിന്നും താഴെ പറയുന്ന തരത്തിൽ ഫണ്ടുകൾ അനുവദിച്ചിരിന്നു. എന്നാൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴി ക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 2,27,81,557 | 1,89,81,158 | 38,00,399 | 83.31 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 37,75,000 | 33,15,199 | 4,59,801 | 87.81 |
| 3 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 29,03,000 | 24,64,993 | 4,38,007 | 84.91 |
| ആകെ | | 2,94,59,557 | 2,47,61,350 | 46,98,207 | 84.05 |

മേൽ വിഷയം ചൂണികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.01/17-18, തീയ്യതി.12.07.2018) സെക്രട്ടറി സമർപ്പിച്ച മറുപടി താഴെ കൊടുക്കുന്നു.

"നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടറുകൾ കേന്ദ്ര സർക്കാർ നടപ്പാക്കിയ ജി.എസ്.ടി. കാരണം കരാറുകാർ ബഹിഷ്കരിച്ച് നിസ്സഹകരണ പ്രവർത്തനം നടത്തിയതിനാൽ കരാറുകളിലേർപ്പട്ടത് സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിലാണ്. ആയതിനാൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല".

പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാരുകൾ നൽകുന്ന ഗ്രാന്റുകൾ, മറ്റ് ഫണ്ടുകൾ സമയപരിധിക്കകം ചെലവഴിക്കാൻ ശ്രമിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

സി. ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കായി സർക്കാർ കൈമാറി നൽകിയ എസ്.സിഡി.ഒ. ചുമതലകൾ വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 181, 18.09.1995 ലെ സ.ഉ.(പി)189/95/ത.സ്വ.ഭ. എന്നിവ പ്രകാരം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ വിവധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. 05.12.1995 ലെ (സാധാ)537/95/പ.ജ.പ.വ.വി.വ, 22.12.1995 ലെ (സാധാ)566/95/ പ.ജ.പ.വ.വി.വ നമ്പർ ഉത്തരവുകളിലൂടെ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പ്രവർത്തനങ്ങൾക്ക് പട്ടികജാതി വികസന ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥരെ ഡയറക്ടർ നിയമിച്ചു. പ്രസ്തുത ഉദ്യോഗസ്ഥർ താരതമ്യേന മേൽ വിഭാഗത്തിലെ ജനസംഖ്യ കുറവുള്ള വടകര ബ്ലോക്ക് പഞ്ചായത്തിലെ പ്രവർത്തനങ്ങൾ കൂടി നടത്തണം. എന്നാൽ ഓഡിറ്റ് കാലയളവ് വരേയും പട്ടികജാതി വികസന ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥർ തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് കേന്ദ്രീകരിച്ചല്ല പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. മേൽ ഉദ്യോഗസ്ഥർ വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ആസ്ഥാനമാക്കിയാണ് തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാര്യാലയ പ്രവർത്തികൾ നടത്തുന്നത്. തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമാക്കി പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥന് വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പ്രവർത്തനങ്ങൾ അധിക ചുമതല എന്ന നിലക്കാണ് പ്രവർത്തിക്കേണ്ടത്.

പഞ്ചായത്ത് രാജ് നിയമം പ്രകാരം കൈമാറ്റപ്പെടുന്ന ഉദ്യോഗസ്ഥരും ജീവനക്കാരും കൈമാറ്റ കാലയളവിൽ അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായിരിക്കുന്നതാണ്. അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ച കൊടുക്കുന്ന ചുമതലകൾ പ്രസ്തുത ജീവനക്കാർ അവരുടെ സാധാരണ ചുമതലകൾക്ക് ഒപ്പം നിറവേറ്റേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏൽപ്പിച്ച കൊടുക്കുന്ന ചുമതലകൾക്കു പുറമേ അവയ്ക്കു ഏൽപ്പിച്ച കൊടുത്തിട്ടില്ലാത്ത സർക്കാർ - വകുപ്പുതല പദ്ധതികളുടേയും സ്കീമുകളുടെയും നിർവ്വഹണ ചുമതല കൂടി കൈമാറ്റിയ ഉദ്യോഗസ്ഥർ നിർവ്വഹിക്കണം.

11.07.2018 ന് വനിത വികസന ഓഫീസർ ശ്രീമതി.സുധ എന്നിവരുടെ സാന്നിധ്യത്തിൽ അടഞ്ഞു

കിടക്കുന്ന എസ്.സി.ഡി.ഒ. ഓഫീസ് നേരിട്ട് പരിശോധിച്ചതിൽ നിന്നും സ്ഥാപനം നാളിതു വരേയും പ്രവർത്തനക്ഷമമായില്ല എന്ന് കാണുവാൻ കഴിഞ്ഞു. മേൽ വിഷയത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ഔദ്യോഗികമായി ബന്ധപ്പെട്ട വകുപ്പ് അധികാരികൾക്ക് കത്തുകൾ നൽകിയെങ്കിലും സെക്രട്ടറി തലത്തിൽ നടപടികൾ സ്വീകരിച്ച ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. പ്രസ്തുത വിഷയത്തിൽ സെക്രട്ടറി നടത്തിയ കത്തിടപാടുകളും മറ്റ് നടപടിക്രമങ്ങളും വിശദീകരിക്കേണ്ടതാണ്.

ഡി. സംയുക്ത പദ്ധതികൾക്കും, മറ്റ് പദ്ധതികൾക്കും ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ മേഖലകളിലെ പദ്ധതികൾ നടപ്പാക്കുന്നതിനായി സർക്കാരിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച തുക വിനിയോഗിക്കാതെ നിലവിലും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ട് ലഭിച്ച ഇനം | തുക |
|---|---|---|
| 1 | പൈക്ക | 3,70,000/- |
| 2 | വിമുക്തി | 25,000/- |
| 3 | ഹാഡ മാർക്കറ്റ് | 87,430/- |
| 4 | ശിശു സംരക്ഷണ പദ്ധതികൾ | 4,74,323/- |

സംയുക്ത പദ്ധതികൾക്കായും, പ്രത്യേക പ്രവർത്തനങ്ങൾക്കായും ലഭ്യമായ തുക എത്രയും വേഗം ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പിൽ തിരച്ചടക്കേണ്ടതാണ്.

ഇ.)മസ്റ്റർ റോൾ തയ്യാറാക്കാതെയും, രശീതികൾ ലഭ്യമാക്കാതെയും പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നു.

തൻവർഷം വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും മസ്ററർ റോൾ തയ്യാറാക്കാതെ ദിവസ വേതനത്തിൽ ജോലി ചെയ്യുന്നവർക്ക് വേതനം, രശീതികൾ ലഭ്യമാക്കതെ മറ്റ് ചെലവുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ, തീയതി | അനുവദിച്ച തുക | ഉദ്ദേശ്യം | അപാകത |
|---|---|---|---|
| 39/17-18 | 4,186/- | പഞ്ചായത്ത് ഗൈഡ് അച്ചടി ചെലവ് തുക ഒടുക്കുന്നത് | രശീതി ഇല്ല |
| 02/17-18 | 18,850/- | ഡ്രൈവറുടെ വേതനം | മസ്റ്റർ റോൾ ഇല്ല |
| 05/17-18 | 13,867/- | അസിസ്ററന്റ് എഞ്ചിനീയറുടെ വേതനം | മസ്റ്റർ റോൾ ഇല്ല |
| 06/17-18<br>07/17-18 | 15,000/-<br>12,000/- | നോഡൽ പ്രേരക്, അസി നോഡൽ പ്രേരക് എന്നിവരുടെ വേതനം | സാക്ഷരത മിഷനിൽ നിന്നും തുക ലഭ്യമായ മുറക്ക് റിക്കുപ്പ് ചെയ്യതിന്റെ വിവരങ്ങൾ |

| | | | |
|---|---|---|---|
| 11/17-18, 69/17-18 | 16,900/- | ഡ്രൈവറുടെ വേതനം | മസ്റ്റർ റോൾ ഇല്ല |
| 112/17-18 | 18,450/- | ഡ്രൈവറുടെ വേതനം | മസ്റ്റർ റോൾ ഇല്ല |
| 119/17-18, 130/17-18, 147/17-18 | 2,055/- 16,440/- 17,810/- | ഡ്രൈവറുടെ വേതനം | മസ്റ്റർ റോൾ ഇല്ല |
| 53/17-18 | 1,680/- | പഞ്ചായത്ത് രാജ് വീക്കിലി സബ്സ്ക്രിപ്ഷൻ തുക | രശീതി ഇല്ല |
| 54/17-18 | 18,450/- | ഡ്രൈവറുടെ വേതനം | മസ്റ്റർ റോൾ ഇല്ല |
| 55/17-18 | 2,130/- | ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | മസ്റ്റർ റോൾ ഇല്ല |

പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിക്കുമ്പോൾ ക്യാഷ് പെയ്മെന്റ് വൗച്ചറിനോടൊപ്പം സൂക്ഷിക്കേണ്ട രേഖകൾ ഇല്ലാതെ തുക അനുവദിക്കുവാൻ പാടില്ല.

## 3-2 പദ്ധതി ആസൂത്രണത്തിലെ അപാകതകൾ

എ.)പദ്ധതിയാസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതികൾ അംഗീകരിച്ച് കിട്ടുന്നതു വരെയുള്ള ആസൂത്രണ നടപടികൾ ഒരോന്നും യഥാവിധി ഫലപ്രദമായി നടത്തുക, ആവശ്യമായ യോഗങ്ങൾ വിളിച്ച് ചേർക്കുക, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, വികസന രേഖ, സ്റ്റാറ്റസ് റിപ്പോർട്ട്, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ തയ്യാറാക്കുക, പദ്ധതികൾ നടപ്പാക്കുമ്പോൾ വരുന്ന ന്യൂനതകൾ പരിഹരിക്കുക തുടങ്ങിയ തദ്ദേശഭരണ സ്ഥാപനത്തിന്റെ പൊതു വികസന കാഴ്ചപ്പാട് നടപ്പാക്കുന്നതിൽ വലിയ പങ്ക് വഹിക്കേണ്ടത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനട്സ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനുട്ടസ് എന്നിവ പരിശോധിച്ചതിൽ നിന്നും മേഖലകളെ സംബന്ധിച്ച കൃത്യമായ വിവരശേരണം നടത്താതെയും, അവ്യക്തമായി തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ്. പദ്ധതികൾ തയ്യാറാക്കിയെതെന്ന് കാണുന്നു. ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ 288 പട്ടികജാതി കുടുംബങ്ങളാണ് പഞ്ചായത്ത് പരിധിയിൽ വസിക്കുന്നത്. എന്നാൽ 2011 ലെ കാനേഷുമാരി പ്രകാരം പഞ്ചായത്ത് പരിധിയിൽ 1,148 കുടുംബങ്ങളിലായി 5,037 പേർ വസിക്കുന്നുണ്ട്. (അവലംബം - Census of India 2011, KERALA SERIES.33, PART XII-B, DISTRICT CENSUS HANDBOOK. KOZHIKODE). 2011 ലെ സെൻസസ് റിപ്പോർട്ട് പുറത്ത് വന്ന് 2017-18 സാമ്പത്തിക വർഷത്തിലും പഞ്ചായത്ത് പരിധിയിൽ വസിക്കുന്ന എസ്.സി.

വിഭാഗത്തിൽപെട്ടവരുടെ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. 4 ഗ്രാമപഞ്ചായത്തുകളിലായി പ്രൊമോട്ടർമാർ ഉണ്ടെങ്കിലും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ വിവരശേരണം നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്. അപൂർണ്ണമായ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾ പദ്ധതി ആസൂത്രണത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.

ബി.)പദ്ധതികൾക്കായി പണം ചെലവഴിച്ചതിന്റെ മുഖ്യ പങ്കും സാമ്പത്തിക വർഷാന്ത്യത്തിൽ

31.05.2017 ന് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം പദ്ധതികൾക്ക് ലഭിച്ചെങ്കിലും തൻവർഷം പദ്ധതികൾ നിർവ്വഹണം നടത്തുന്നതിൽ വളരെയധികം കാലതാമസം വന്നിട്ടുണ്ട്. ആയതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന കാലഘട്ടത്തിലാണ് മിക്ക പദ്ധതികളും നടപ്പിലാക്കുവാൻ കഴിഞ്ഞത്. പദ്ധതി അംഗീകാരം ലഭിച്ച് 10 മാസം സമയം ലഭിച്ചിട്ടും വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിൽ പഞ്ചായത്തിന് കഴിഞ്ഞില്ല.

12.04.2006 ലെ (പി) 177/2006/ധനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ത.സ്വ.ഭ. സ്ഥാപനങ്ങളിലെ പദ്ധതി ചെലവുകൾ സാമ്പത്തിക വർഷാവസാനത്തിൽ ഒഴിവാക്കുവാനായി സ്ഥാപങ്ങളുടെ പദ്ധതി വിഹിതങ്ങൾ മെയ് മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ വിവിധ ഗഡുക്കളായി പഞ്ചായത്തിന് ലഭിച്ചിട്ടുമുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി വളരെയധികം സമയം ധനം എന്നിവ ലഭിച്ചിട്ടും ആയത് യഥാസമയം വിനിയോഗിക്കാതിരുന്നത് പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും വീഴചയാണ്

സി.)കാർഷികാധിഷ്ഠിത ഭക്ഷ്യ മൂല്യ വർദ്ധിത ഉൽപാദന യൂണിറ്റ് പ്രവർത്തനക്ഷമമായില്ല.

പ്രോജക്ട് നമ്പർ, പേര് - S0012/18, കാർഷികാധിഷ്ഠിത ഭക്ഷ്യ മൂല്യ വർദ്ധിത ഉൽപാദന യൂണിറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വ്യവസായ വികസന ഓഫീസർ

അടങ്കൽ തുക - വികസന ഫണ്ട് - 2,00,000/-, ബാങ്ക് വായ്പ -3,00,000/--

ചെലവ് തുക - ബിൽ നമ്പർ 2/17-18 2,00,000/- തീയ്യതി 27.03.2018

ചെറുകിട വ്യവസായം വർക്കിങ്ങ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പദ്ധതി നിർദ്ദേശങ്ങളനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വനിതകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ മേൽ പദ്ധതി ആവിഷ്കരിച്ച് രണ്ട് ലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പ് സമർപ്പിച്ച പ്രോജക്ടിന്റെ കൂടെയുള്ള ക്വട്ടേഷനുകളെ അടിസ്ഥാനമാക്കിയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. 27.03.2018 ന് സ്വയം തൊഴിലിനുള്ള സബ്സിഡി ഗ്രൂപ്പിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഓഡിറ്റ് കാലയളവ് വരേയും മേൽ പ്രതിപാദിച്ചിട്ടുള്ള ഭക്ഷ്യ വിതരണ യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.09/17-18, തീയ്യതി.17.07.2018) വ്യവസായ വികസന ഓഫീസർ സമർപ്പിച്ച മറുപടി താഴെ കൊടുക്കുന്നു.

"ഗ്രൂപ്പിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി കെട്ടിട സൗകര്യം ലഭ്യമായിട്ടില്ല. ഒരു മാസത്തിനകം യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് ഗ്രൂപ്പിന്റെ പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. പ്രവർത്തന ക്ഷമമാകുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണ്."

12.04.2006 ലെ (പി) 177/06/ധനം നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക6.1 പ്രകാരം പദ്ധതികളുടെ യഥാർത്ഥ വിനിയോഗത്തിന് മാത്രമേ തുക പിൻവലിക്കാവൂ. മേൽ ഉത്തരവ് ഖണ്ഡിക8 (3), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 47 എന്നിവ പ്രകാരം ട്രഷറി/ബാങ്കിൽ നിന്നും പിൻവലിച്ച തുക ചെലവഴിക്കപ്പെടാതെ 30 ദിവസത്തിൽ കൂടുതൽ സൂക്ഷിച്ചിരിക്കുകയാണെങ്കിൽ മേൽ തുക ട്രഷറി/ബാങ്കിൽ തന്നെ തിരിച്ചടക്കണം. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ പദ്ധതി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിലവിലും സൂക്ഷിക്കുന്നു. പൊതുപണം കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട ഉത്തരവ്, ചട്ടങ്ങൾ എന്നിവ പാലിക്കാതെ പദ്ധതി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് പൊതുപണത്തിന്റെ ദുരുപയോഗമാണ്.( കേ.എഫ്.സി. അനുച്ഛേദം 40.ബി കാണുക).

സബ്സിഡി അനുവദിച്ച് സ്വയം തൊഴിൽ സംരംഭങ്ങളുടെ ആരംഭം മുതൽ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനം

മോണിറ്റർ ചെയ്യേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിങ്ങ് ഗ്രൂപ്പിന്റെയും അനിവാര്യ ചുമതലയിൽപെട്ടതാണ്. എന്നാൽ സബ്സിഡി വിതരണം ചെയ്തതിനു ശേഷം സംരംഭത്തിന്റെ തുടർ പ്രവർത്തനങ്ങളിൽ നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയില്ല. സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ ആയത് വിനിയോഗിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക പലിശ സഹിതം തിരികെയീടാക്കേണ്ടതോ ഗ്രൂപ്പ് പ്രവർത്തനമാരംഭിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതോ ആണ്. നടപടിക്രമങ്ങൾ ഓഡിറ്റിൽ യഥാസമയം അറിയിക്കേണ്ടതാണ്. ചെലവ് തുക 2,00,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന സാമൂഹ്യക്ഷേമം, ദാരിദ്ര്യ ലഘൂകരണം, വനിത വികസനം, പട്ടികജാതി എന്നീ മേഖലകളിൽ പഞ്ചായത്തിൻെറ പൊതുവികസന കാഴ്ചപാടിന് അനുസൃതമായി മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പദ്ധതികൾ നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

<u>എ.)പട്ടികജാതി യുവജനങ്ങൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിലേക്ക് അടിസ്ഥാനസൗകര്യം പദ്ധതി - കൃത്യമായ ആസൂത്രണമില്ലാതെ പദ്ധതി നടപ്പാക്കി</u>

പ്രോജ.നം, പേര് -49/17-18, യുവജനങ്ങൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിലേക്ക് അടിസ്ഥാന സൌകര്യം

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ തുക - (വികസന ഫണ്ട് .എസ്.സി.പി) 1,88,000/-

ചെലവ് തുക - ബിൽ നമ്പർ 2/17-18 85,519/- തീയ്യതി. 27.09.2017

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ യുവജനങ്ങൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മേൽ പദ്ധതിയിലുൾപ്പെടുത്തി രണ്ട് മേശ, ഇരുപത് കസേരകൾ, രണ്ട് അലമാര, രണ്ട് റാക്ക്, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങാനാണ് വിഭാവനം ചെയ്തത്. പദ്ധതിയിൽ വാങ്ങുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പ് വേളയിൽ ക്വട്ടേഷൻ ക്ഷണിക്കാതെ സിഡ്കോവിൽ നിന്നും നേരിട്ട് താഴെ പറയുന്നസാധനങ്ങൾ വാങ്ങുകയാണ് ചെയ്തത്.

1. സ്റ്റീൽ അലമാര -2
2. സ്റ്റീൽ റാക്ക് -2
3. കമ്പ്യൂട്ടർ ടേബിൾ -2
4. കമ്പ്യൂട്ടർ ചെയർ-2
5. ഫൈബർ ചെയർ-20
6. സ്റ്റീൽ ഫ്രെയിം ബെഞ്ച് വിത്ത് വുഡൻ ടോപ്പ്-2
7. സ്റ്റീൽ ഫ്രെയിം ഡെസ്ക് വിത്ത് വുഡൻ ടോപ്പ്-2

പ്രോജക്ടിൽ പരാമർശിച്ച സാധനങ്ങൾ വാങ്ങുന്നതിന് പകരം പദ്ധതിയിൽ പറയാത്ത

1. കമ്പ്യൂട്ടർ ടേബിൾ -2
2. കമ്പ്യൂട്ടർ ചെയർ-2
3. സ്റ്റീൽ ഫ്രെയിം ബെഞ്ച് വിത്ത് വുഡൻ ടോപ്പ്-2
4. സ്റ്റീൽ ഫ്രെയിം ഡെസ്ക് വിത്ത് വുഡൻ ടോപ്പ്-2

എന്നിവയാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ പദ്ധതിയിൽ പരാമർശിച്ച മേശ, കമ്പ്യൂട്ടർ തുടങ്ങിയ സാധനങ്ങൾ വാങ്ങിയിട്ടുമില്ല. പദ്ധതി ഭേദഗതി ചെയ്യാതെയാണ് വാങ്ങൽ നടത്തിയത്. വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പട്ടികജാതി വർക്കിംഗ് ഗ്രൂപ്പിൽ ഇത്തരമൊരു പ്രോജക്ട് നിർദ്ദേശം വന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ പരിശീലനകേന്ദ്രം എന്ന നിലയിൽ നിർമ്മിച്ച മേൽ കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ആവശ്യകത നിർണ്ണയിക്കാതെയും വ്യക്തമായ ആസൂത്രണമില്ലാതെയും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച മറ്റ് പദ്ധതികൾ മാറ്റിനിർത്തിയാണ് ഇത്തരമൊരു പ്രോജക്ട് നടപ്പാക്കിയത്. പദ്ധതിയുടെ കൃത്യമായ മോണിറ്ററിങ്ങ് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, മോണിറ്ററിങ്ങ് സമിതി എന്നിവർ നടത്തിയിട്ടില്ല. വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതി നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (06/17-18, തീയ്യതി.17-07-2018) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 85,519/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യകത നിർണയിക്കാതെ പ്രോജക്ട് ആസൂത്രണം ചെയ്തു നടപ്പാക്കിയതു വഴി വൻ തുക നിഷ്ക്രിയമാക്കിയത് ക്രമപ്രകാരമല്ല. തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ബി.)സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ പഠനമുറിക്ക് ധനസഹായംനൽകി.

പ്രോജക്ട് നമ്പർ, പേര് S0038/17-18, പട്ടികജാതി വിദ്യാർത്ഥികൾക്ക പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടിക ജാതി വികസന ഓഫീസർ

അടങ്കൽ തുക - വികസന ഫണ്ട് എസ് സി പി 6,00,000/-

ചെലവ് തുക - ബിൽ നമ്പർ 1/17-18 2,50,000/- dt 27.09.2017

ബിൽ നമ്പർ 3/17-18 50,000/- dt 13.01.2018

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി മേൽ പദ്ധതി മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു. 15.02.2016ലെ(സാ.ധാ)626/2016/ത.സ്വ.ഭ.വ, 23.05.2017 ലെ (ആർ.ടി) 1687.17.തസ്വഭവ, തീയ്യതി എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൌകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യമുണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള വാസഗൃഹത്തിന് 800 ചതുരശ്ര അടിയിലധികരിക്കാതെ വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിലധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് ഒരുലക്ഷം രൂപ ആകെ നൽകാവുന്നതും 50,000/- രൂപ മുൻകൂറായി നൽകാവുന്നതുമാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകാവുന്നതുമാണ്. ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ മേൽ വിവരിച്ച പദ്ധതികൾ ഏറ്റെടുക്കാവൂ. പദ്ധതി നടതതിപ്പിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ബ്ലോക്ക് പഞ്ചായത്തിന് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി ഏറ്റെടുത്ത് നടത്താവുന്നതല്ല. മേൽ ഉത്തരവിന് വിരുദ്ധമായി പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതിന് സർക്കാരിൽ നിന്നും ലഭ്യമായ ഉത്തരവ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. ആനുകൂല്യം നൽകിയ ഗുണഭോക്താക്കൽ പട്ടികജാതി വകുപ്പ് വഴി ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.
3. ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കൾ സമർപ്പിച്ച എസ്റ്റിമേറ്റ് അനുസരിച്ച് ആദർശ്.കെ, നിമ്യ സത്യൻ, അനുശ്രീ എന്നിവർ 100 ചതുരശ്ര അടിയിലധികരിച്ച പഠനമുറി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ആണ് നൽകിയിരിക്കുന്നത്. ആനുകൂല്യത്തിനർഹയായ ലയന എം എന്നവർ പഠനമുറിയുടെ എസ്റ്റിമേറ്റ്തയ്യാറാക്കി നൽകാതെയാണ് ആദ്യഗഡു നൽകിയിരിക്കുന്നത്.
4. 25.04.2017 ന് നടന്ന പട്ടികജാതി വർക്കിംഗ് ഗ്രൂപ്പിൽ പ്ലസ് ടു മുതൽ ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിമ്മിക്കുന്നതിന് ധനസഹായം നൽകാൻ നിർദ്ദേശം വന്നിരുന്നു എങ്കിലും പ്രോജക്ട് നടത്തിപ്പിൽ ഈ മാനദണ്ഡം കൊണ്ടുവന്നിട്ടില്ല.

2016-17 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, സ്റ്റാന്റിങ്ങ് കമ്മിറ്റി എന്നിവരുടെ നിർദ്ദേശ പ്രകാരം രൂപീകരിച്ച പദ്ധതി നടപ്പാക്കാത്തതിനെ തുടർന്ന് സ്പിൽ ഓവറായി 2017-18 വർഷം നടപ്പാക്കുകയാണുണ്ടായത്. പദ്ധതി നടത്തിപ്പിനായി ഓഡിറ്റ് വർഷത്തിൽ നൽകിയ തുക ഗുണഭോക്താളായ 6 പേർക്ക് ഒന്നാം ഗഡു വിതരണം ചെയ്തെങ്കിലും ആയത് ഓഡിറ്റ് കാലയളവ് വരേയും പൂർത്തീകരിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതി രണ്ട് സാമ്പത്തിക വർഷമായിട്ടും പൂർത്തീകരിക്കാതിരുന്നത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ കൃത്യമായി മോണിററർ ചെയ്യാത്തതിന്റെ പോരായ്മയാണ്. പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ഓരോ സാമ്പത്തിക വർഷവും പദ്ധതികൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് സമിതികളുടെയും കൃത്യമായ മോണിറ്ററിങ്ങ് ആവശ്യമാണ് .

അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

<u>സി.)മുച്ചക്ര വാഹനം വിതരണത്തിലെ അപാകതകൾ.</u>

പ്രോജക്ട് നമ്പർ, പേര് S0009/17-18 വികലാംഗർക്ക് മുച്ചക്ര വാഹനം

നിർവഹണ ഉദ്യോഗസ്ഥ – സി.ഡി.പി.ഒ.

അടങ്കൽ തുക വികസന ഫണ്ട് 13,30,000/-

ചെലവ് തുക 13,30,000/- ബിൽ നം-3/17-18 DT 31.03.2018

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന നാല് ഗ്രാമപഞ്ചായത്തിലെ 19 ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ 25 ന് നടന്ന സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പിൽ മേൽ പദ്ധതി നിർദ്ദേശം വരികയും ആയത് 2017 മെയ് ആറാം തീയതി നടന്ന സ്റ്റാന്റിങ്ങ് കമ്മിറ്റി മിനട്സിൽ മേൽ പദ്ധതി നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പദ്ധതി അംഗീകാരം നേടിയതിന് ശേഷം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാമസഭാലിസ്റ്റ് നൽകണമെന്ന് കത്തയച്ചതിനെ തുടർന്ന് മണിയൂർ, വില്ല്യാപ്പള്ളി, ആയഞ്ചേരി ഗ്രാമപഞ്ചായത്തുകൾ ലിസ്റ്റ് ലഭ്യമാക്കുകയും തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് തൻവർഷം ലിസ്റ്റ് നിലവിലില്ലാത്തതിനാൽ 2016-17 വർഷത്തെ ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 08.01.2018 ന് നടന്ന മെഡിക്കൽ ക്യാമ്പിൽ ഗുണഭോക്താക്കളുടെ അർഹതാനിർണ്ണയ ക്യാമ്പിൽ വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെ അർഹത മാർക്കടിസ്ഥാനത്തിൽ നിർണ്ണയിച്ചു. തുടർന്ന് ലിസ്റ്റിൽ ഉൾപ്പെട്ട 19 പേർക്ക്. മുച്ചക്ര വാഹനം വിതരണം ചെയ്തു. മേൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1. വാഹനം നൽകിയ ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
2. 19 ഗുണഭോക്താക്കൾക്ക് വാഹനം നൽകിയിട്ടുണ്ടെങ്കിലും ആയതിൽ 7 പേരുടെ ഡ്രൈവിങ് ലൈസൻസ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല
3. 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ജനറൽ വിഭാഗത്തിൽ ഒരുലക്ഷം രൂപയിൽ താഴെയും, പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണെങ്കിൽ 2ലക്ഷം രൂപയിൽ താഴെയും വരുമാനമുള്ളവർക്കും മാത്രമേ മുച്ചക്ര വാഹനത്തിന് ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്േതാക്കളിൽ ശ്രീ.വള്ളിൽ ബാലൻ, ശ്രീ.അഹമ്മദ് .കെ.പി. എന്നിവരൊഴിച്ച് മറ്റുള്ളവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
4. മേൽ പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
5. നിർവ്വഹണ ഉദ്യോഗസ്ഥൻ TR 7A കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും മോണിറ്ററിങ്ങ് സമിതിയുടെയും കൃത്യമായ മോണിറ്റിങ്ങ് ആവശ്യമാണ് .

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | വിഭാഗം | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് കോഴിക്കോട് | ജനറൽ | 1076195 | 8235000 | ഐ.എ.വൈ/ പി.എം.എ.വൈ | 2723380 | 6587815 |
| | എസ്.സി.പി | 1773732 | 4945123 | | 1223100 | 5495755 |
| വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് | ജനറൽ | 149625 | 0 | | 100000 | 49625 |
| | എസ്.സി.പി | 326625 | 0 | | 140000 | 186625 |
| ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | ജനറൽ | 416000 | 60000 | | 200000 | 276000 |
| | എസ്.സി.പി | 274125 | 0 | | 112875 | 161250 |
| മണിയൂർ ഗ്രാമപഞ്ചായത്ത് | ജനറൽ | 382750 | 360000 | | 373625 | 369125 |
| | എസ്.സി.പി | 530341 | 1345000 | | 315300 | 1560041 |
| തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ജനറൽ | 408225 | 140000 | | 320000 | 228225 |
| | എസ്.സി.പി | 214950 | 0 | | 115000 | 99950 |
| സംസ്ഥാന വിഹിതം | ജനറൽ | 0 | 3971500 | | 3971500 | 0 |
| | എസ്.സി.പി | 0 | 1020500 | | 1020500 | 0 |
| എസ്.സി വകുപ്പിൽ നിന്നുള്ള വിഹിതം | എസ്.സി.പി | 0 | 1035696 | | 188346 | 847350 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സർക്കാർ ഉത്തരവ് നം/തീയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ അടയ്ക്കാനുള്ള തുക | തൻവർഷം തിരിച്ചടവ് | | ബാലൻസ് |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ അധിക വിഹിതം | (എം.എസ്) 90/2013/ ത.സ്വ.ഭ.വ 19.03.2013 | 2013-14 | ഇല്ല | 24,87,943/- | 0 | 0 | 24,87,943/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | പൊതു പരാമർശം | 1.ഡിസ്ട്രിക്ബ്യൂട്ടറി കനാൽ ഉപയോഗ യോഗ്യമാക്കൽ 2) ട്രൈസം ട്രെയിനിംഗ് സെന്റർ കെട്ടിട നിർമ്മാണം | |
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല. മരാമത്ത് പ്രവർത്തികളിൽ | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | ലക്ഷങ്ങളുടെ നഷ്ടം | |
| 2002-03 | 12,13 | 2005-06 | പൊതു പരാമർശം | ഭവന നിർമ്മാണം ധനസഹായം കൈപറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കുന്നില്ല | നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്. |
| 2013-14 | 3-2<br>4-1 | 2014-15 | പൊതു പരാമർശം | 1. വസ്തുവകകൾ കാട് പിടിച്ചു കിടക്കുന്നു.<br>2. ഉപയോഗ ശൂന്യമായ കാർഷിക ഉപകരണങ്ങൾ | |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | സർട്ടിഫിക്കറ്റ് നം./തീയിതി | ഉൾപ്പെട്ട തുക |
|---|---|---|
| 1999-2000 | ഖ നം.269,37, 38(3), 29(2) | എൽ.എഫ്.15351/സ്പെ.സെൽ.സി3 5/03 തീയതി.15.01.15 – 7425/- |
| 2000-01 | ഖണ്ഡിക നം.30(1), 33, 37, 350 | എൽ.എഫ്.153/52/സ്പെ.സെൽ.എസ്.സി.5/03 തീയതി.21.02.03 - 86348/- |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,32,52,711 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,45,97,387 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,85519 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 (സി) | 2,00,000 | ശ്രീ.അനൂപ് ഷിനു.കെ., വ്യവയായ വികസന ഓഫീസർ |
| 3-3 (എ) | 85,519 | ശ്രീ.നസ്റുദ്ദീൻ.എ., പട്ടികജാതി വികസന ഓഫീസർ |
| 3-3 (ബി) | 3,00,000 | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി).നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തുന്നതിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനൂപ് ഷിനു.കെ.<br>വ്യവയായ വികസന ഓഫീസർ | വ്യവയായ വികസന ഓഫീസർ<br>തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | അനുഗ്രഹം ഹൗസ്, നടയ്ക്കുതാഴെ (പി.ഒ) വടകര – 6731014 കോഴിക്കോട് |
| ശ്രീ.നസ്റുദ്ദീൻ.എ.<br>പട്ടികജാതി വികസന ഓഫീസർ | റിട്ടയർഡ് | ലേക്ക് വ്യൂ ഗാർഡൻ, മേലരന്നൂർ, കരമന (പി.ഒ) തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1995-96,<br>1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(1),<br>14-02-2012 | 4<br>(22എ (4), 28,<br>30,35എ (1,2) |
| 1998-99 | കെ.എസ്.എ.കെ.കെ.ഡി/പി.7/2258/16/<br>20.05.2017 | 1<br>(36) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(11),<br>28.03.2012 | 7<br>(26(എ), 32,<br>33,<br>37,38(3),<br>39(2),<br>41) |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(3),<br>14.02.2012 | 11<br>(30, 31, 32,<br>33,<br>36, 37,<br>38(3), 39(2),<br>41, 50, 52 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(4),<br>14.02.2012 | 3<br>(21, 29, 31) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(5),<br>14.02.2012 | 6<br>4(1), 6(2, 3),<br>7, 8,12, 13 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(6),<br>14.02.2012 | 2<br>(3-1, 3-5) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(7),<br>14.02.2012 | 2<br>(3-3(3), 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(8),<br>14.02.2012 | 1<br>(3-5(1,3) |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(9), 14.02.2012 | 5 (3-4, 3-6, 3-7, 3-8, 3-9) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.7-36/12(10), 14.02.2012 | 9 (1-3, 2-1, 3-1, 3-4,3-5, 3-6, 3-7, 3-9, 3-10) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.7-741/12, 06.07.2012 | 15 1-1, 2-1, 2-2, 3-1,3-2, 3-3, 3-4, 3-5, (3-6(1,2,3), 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.7- 282/13, 07.03.2013 | 9 (2-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.7/1200/14, 06.11.2014 | 6 (3-1, 3-6, 3-11(1), 3-12, 3-13, 3-14 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി.7/1240/2015, 07.09.2015 | 9 (3-2, 3-3(1,3), 3-4, 3-5, 3-6, 3-7, 3-8, 3-9, 4-1) |

| | | |
|---|---|---|
| | | |
| 2014-15, 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.7/416/2017/ 02.03.2018 | 13 (2-1, 3-1 മുതൽ 3-12 വരെ) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.7/1890/2017/ 26.03.2018 | 10 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-10, 3-11 |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

## **1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി7/1671/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

തീയതി-16.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും 22.05.18 ലെ (സാ.ധാ)1413/18 തസ്വഭവ നം. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017 –18 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്